## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1784 22.03.2012 -ൽ മറുപടിയ്ക്ക്**

**മാറാട് കലാപം സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം :<br>ശ്രീ ജെയിംസ് മാത്യു :<br>ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>ശ്രീ പി. റ്റി. എ. റഹീം : | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മാറാട് കലാപം സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ, കൂട്ടക്കൊലയ്ക്ക് പിന്നിലെ പണമൊഴുക്ക്, വിദേശബന്ധം, തീവ്രവാദ ഇടപെടൽ, ഗൂഢാലോചന എന്നിവ പ്രത്യേകം അന്വഷിക്കണം എന്ന് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നുവോ ; | എ) മാറാട് കൂട്ടക്കൊലയ്ക്ക് പിന്നിലെ ബാഹ്യ ശക്തികൾ ഉൾപ്പെട്ടിട്ടുള്ള ഗൂഢാലോചന, സ്ഫോടക വസ്തുക്കളുടെ ഉറവിടം, വലിയ അളവിലുള്ള ആയുധ ശേഖരം, സംഭവം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വിനിയോഗിച്ച പണത്തിന്റെ ഉറവിടം എന്നിവ സംബന്ധിച്ച് സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്, എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ബഹുതല ഏജൻസി അന്വേഷണം നടത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. |
| ബി) ഇതേ തുടർന്ന് മുൻ ഗവൺമെന്റ് സി. ബി. ഐ. അന്വേഷണത്തിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായോ ; സംസ്ഥാനം വീണ്ടും ആവശ്യപ്പെട്ടാൽ സി. ബി.ഐ. അന്വേഷിക്കും എന്ന കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>സി) ഇക്കാര്യം അന്വേഷിക്കാൻ ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയുണ്ടായോ ; അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; | ബി) & സി) സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ശുപാർശ ചെയ്തിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഈ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ച സാഹചര്യത്തിൽ കമ്മീഷൻ ശുപാർശ ചെയ്ത അന്വേഷണം, ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക |

അന്വേഷണ സംഘത്തെ ഏൽപ്പിച്ചു. പ്രസ്തുത അന്വേഷണ സംഘം ഇതു സംബന്ധിച്ച അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച അന്വേഷണം സി.ബി.ഐ.ക്ക് കൈമാറണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള രണ്ട് റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.

ഡി) അന്വേഷണത്തിൽ ഇതിനകം വ്യക്തമായിട്ടുള്ള സംഗതികൾ വിശദമാക്കാമോ ; പ്രതികൾ ആരൊക്കെയാണ് ?

ഡി) അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ